ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM | പ്രധാനവാർത്തകൾ | DATE: 30-12-2025

1. 93-ാമത് ശിവഗിരി തീർത്ഥാടനത്തിന് തുടക്കമായി. ശ്രീനാരായണ ഗുരുവിന്റെ പ്രബോധനങ്ങൾ പ്രചോദനമായി എന്നും തുടരുമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.
2. സംസ്ഥാനത്ത് ഒന്നു മുതൽ പത്ത് വരെയുള്ള ടൈറ്റിൽ പുസ്തകങ്ങൾ കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ ഭാഗമായി തയ്യാറാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.
3. ശബരിമല സ്വർണ്ണപ്പാളി കേസിൽ പ്രത്യേക അന്വേഷണ സംഘത്തിൽ രണ്ട് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്താൻ ഹൈക്കോടതി അനുമതി.
4. ആലപ്പുഴയിൽ പക്ഷിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ ശക്തമാക്കി.
5. മകരവിളക്ക് മഹോത്സവത്തിന് ശബരിമല ക്ഷേത്രനട തുറക്കുന്നതും കാത്ത് ആയിരങ്ങൾ. നടതുറക്കൽ ഇന്നു വൈകിട്ട്.
6. ഇന്ത്യ-ശ്രീലങ്ക വനിതാ ടി–20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് തിരുവനന്തപുരം കാര്യവട്ടത്ത്.

*******************************************

RNU TVPM

## ഉപരാഷ്ട്രപതി (ഇൻട്രോ)

93-ാമത് ശിവഗിരി തീർത്ഥാടനത്തിന് തുടക്കമായി. ശ്രീനാരായണ ഗുരുവിന്റെ പ്രബോധനങ്ങൾ പ്രചോദനമായി എന്നും തുടരുമെന്ന് തീർത്ഥാടനം ഉദ്ഘാടനം ചെയ്യവെ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പറഞ്ഞു. സൗഹാർദ്ദത്തിന്റെ ജീവിക്കുന്ന ഉദാഹരണമാണ് ശിവഗിരിയെന്നും, ഈ തീർത്ഥാടനം ആത്മീയ അന്വേഷണത്തിന്റെയും സാമൂഹിക-സാമ്പത്തിക പുരോഗതിയുടെയും ഉത്തമമായ സംഗമമാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രി എം.ബി. രാജേഷ്, ശശി തരൂർ എം.പി, സ്വാമി സച്ചിദാനന്ദ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

PNU TVPM

*******************************

## ഉപരാഷ്ട്രപതി - തിരുവനന്തപുരം

തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനം ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ അൽപസമയത്തിനകം ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി എം ബി രാജേഷ്, മേയർ വി വി രാജേഷ്, ശശി തരൂർ എം പി, കടകംപള്ളി സുരേന്ദ്രൻ എം എൽ എ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കുകയാണ്. രണ്ട് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ഇന്ന് മടങ്ങും.

*******************************

## ശബരിമല - ഹൈക്കോടതി

ശബരിമല സ്വർണ്ണപ്പാളി കേസിൽ പ്രത്യേക അന്വേഷണ സംഘത്തിൽ രണ്ട് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്താൻ ഹൈക്കോടതി അനുമതി നൽകി. SIT തലവൻ സമർപ്പിച്ച അപേക്ഷ കോടതിയുടെ അവധിക്കാല ബെഞ്ച് പരിഗണിക്കുകയായിരുന്നു. സിഐ റാങ്കിലുള്ള രണ്ടുപേരെയാണ് അന്വേഷണ സംഘത്തിൽ ഉൾപ്പെടുത്തുന്നത്. അതെസമയം, കേസിൽ ദിണ്ടിഗൽ സ്വദേശിയായ വ്യവസായി ഡി മണി എന്ന എം എസ് മണി പ്രത്യേക അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരായി. തിരുവനന്തപുരം ക്രൈംബ്രാഞ്ച് ഓഫീസിലാണ് എത്തിയത്. ഡി.മണിയുടെ സുഹൃത്ത് ബാലമുരുകനും ക്രൈം ബ്രാഞ്ച് ഓഫീസിൽ ചോദ്യം ചെയ്യലിനായി ഹാജരായിട്ടുണ്ട്.

******************************

## എസ്ഐആർ

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിടുണ്ടോ എന്ന് പരിശോധിക്കാൻ സമ്മതിദായകർക്ക് അവസരം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്. ഇതിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം.

******************************

## തദ്ദേശ തിരഞ്ഞെടുപ്പ്

സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിൽ ജനുവരി 12 ന്

RNU TVPM

വോട്ടെടുപ്പ് നടക്കും. പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചു. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിപ്പാടം, എറണാകുളം പാമ്പാക്കുട പഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് തിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ 13-ന്.

*******************************

## കൊല്ലം കാമ്പെയ്ൻ (ഇൻട്രോ)

അവകാശികളില്ലാത്ത നിക്ഷേപങ്ങളുടെ തീർപ്പാക്കൽ വേഗത്തിലും കാര്യക്ഷമായും നടത്താൻ ലക്ഷ്യമിട്ട് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഓഫ് ഫിനാൻഷ്യൽ സർവീസസ് രാജ്യത്തുടനീളം സംഘടിപ്പിക്കുന്ന "നിങ്ങളുടെ പണം നിങ്ങളുടെ അവകാശം" കാമ്പെയ്ൻ കൊല്ലത്ത് നടന്നു. എട്ടോളം പേർക്ക് ക്ലെയിം സെറ്റിൽമെന്റ് സർട്ടിഫിക്കറ്റ് കൈമാറി. കേന്ദ്ര സർക്കാരിന്റെ ഈ ശ്രമം ഏറെ പ്രയോജനപ്പെട്ടതായി നിക്ഷേപത്തിന്റെ അവകാശം വീണ്ടെടുത്ത കൊല്ലം സ്വദേശി ദീപു ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

*******************************

## വി. ശിവൻകുട്ടി - വിദ്യാഭ്യാസം

സംസ്ഥാനത്ത് ഒന്നു മുതൽ പത്ത് വരെയുള്ള അഞ്ഞൂറ്റി തൊണ്ണൂറ്റിയേഴ് ടൈറ്റിൽ പുസ്തകങ്ങളും പതിനൊന്നാം ക്ലാസ്സിലെ മുപ്പത്തിയൊമ്പത് ടൈറ്റിൽ പാഠപുസ്തകങ്ങളും കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ ഭാഗമായി തയ്യാറാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. ചരിത്രം, രാഷ്ട്രമീമാംസ, സാമൂഹികശാസ്ത്രം എന്നീ മൂന്ന് പുസ്തകങ്ങൾ കൂടി കേരളം

PNU TVPM

സ്വന്തം നിലയിൽ പ്രസിദ്ധീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു. ഹയർ സെക്കണ്ടറി ഒന്നാം വർഷം പാഠപുസ്തകങ്ങൾ ജനുവരി അവസാനം പ്രകാശനം ചെയ്യുമെന്നും വിദ്യാഭ്യാസ മന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

*******************************

## സിഎം റിസർച്ചർ സ്കോളർഷിപ്പ്

സംസ്ഥാന സർവകലാശാലകളിലെ സ്ഥിരം ഗവേഷണ വിദ്യാർത്ഥികൾക്കായുള്ള സിഎം റിസർച്ചർ സ്കോളർഷിപ്പ് വിതരണം നാളെ. തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ നടക്കുന്ന പരിപാടി മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. 2025 ജനുവരി ബാച്ചിന്റെ ആദ്യ ഗഡു സ്കോളർഷിപ്പ് തുകയാണ് വിതരണം ചെയ്യുന്നത്.

RNU TVPM

*******************************

## പി എം മാത്യു

കടുത്തുരുത്തി മുൻ എംഎൽഎ - പി എം മാത്യു അന്തരിച്ചു. കരൾ രോഗത്തെ തുടർന്ന് പാലായിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. സംസ്കാരം നാളെ ഉച്ചയ്ക്ക് നടക്കും. 1991 മുതൽ 1996 വരെ കടുത്തുരുത്തി നിയമസഭാ മണ്ഡലത്തെ പ്രതിനിധികരിച്ചിട്ടുണ്ട്.

*******************************

## വിശാൽ വധക്കേസ്

ചെങ്ങന്നൂരിലെ എ ബി വി പി പ്രവർത്തകൻ വിശാലിനെ കൊലപ്പെടുത്തിയ കേസിൽ എല്ലാ പ്രതികളേയും മാവേലിക്കര അഡീഷണൽ സെഷൻസ് കോടതി വെറുതേ വിട്ടു. കേസിലെ

19 പ്രതികളും ക്യാംപസ് ഫ്രണ്ട് പ്രവർത്തകരാണ്. 2012 ജൂലൈ 16 നാണ് വിശാൽ കൊല്ലപ്പെടുന്നത്.

*******************************

## ചിറ്റാറിൽ കടുവ

പത്തനംതിട്ട റാന്നി ചിറ്റാറിൽ കടുവ കിണറ്റിൽ വീണു. വില്ലൂന്നി പാറയിൽ സദാശിവൻറെ വീട്ടിലെ കിണറ്റിലാണ് കടുവ വീണത്. കടുവയേ കരയിലെത്തിക്കുവാനുള്ള ശ്രമം തുടരുകയാണ്. കിണറ്റിലെ വെള്ളം വറ്റിച്ച ശേഷമേ മയക്കു വെടി വയ്ക്കാൻ സാധിക്കൂ എന്ന് വനപാലകർ അറിയിച്ചു.

*******************************

## ശബരിമല (ഇൻട്രോ)

RNU TVPM

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട ഇന്നു വൈകിട്ട് തുറക്കും. നാളെ പുലർച്ചെ മുതൽ പൂജകൾ ആരംഭിക്കും. അടുത്ത മാസം 14 നാണ് മകരവിളക്ക് മഹോത്സവം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

*******************************

## പക്ഷിപ്പനി

ആലപ്പുഴയിൽ പക്ഷിപ്പനി പ്രതിരോധത്തിൻറെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പക്ഷികളെ കൊന്നൊടുക്കിയ സ്ഥലങ്ങളിലാണ് ശുചീകരണം നടക്കുന്നത്. ജില്ലയിൽ മൂന്ന് സ്ഥലങ്ങളിൽ നിന്നും കൂടി സാമ്പിളുകൾ

ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. അതേസമയം പക്ഷിപ്പനി ബാധയെ തുടർന്ന് കോഴിയിറച്ചിക്ക് നിയന്ത്രണം ഏർപ്പെടുത്തിയതിൽ പ്രതിഷേധിച്ച് ഇന്ന് ഹോട്ടലുകൾ അടച്ചിട്ട് സമരം നടക്കുകയാണ്.

*******************************

## ഹരിതം പദ്ധതി - കോഴിക്കോട് (ഇൻട്രോ)

സംസ്ഥാനതല ഹരിതം പദ്ധതിക്ക് കോഴിക്കോട്ട് തുടക്കമായി. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മില്ലി മോഹൻ ഉദ്ഘാടനം നിർവഹിച്ചു. ചെറുവാടി ഗവ:ഹയർ സെക്കൻഡറി എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ പുഞ്ചപ്പാടത്ത് ഞാറു നട്ടു.

**ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയിസ്)

RNU TVPM

*******************************

## വനിതാ ട്വന്റി-20

ഇന്ത്യ-ശ്രീലങ്ക വനിതാ ടി—20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് തിരുവനന്തപുരത്ത് നടക്കും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്കാണ് മത്സരം. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 4-0 ത്തിന് മുന്നിലാണ്.

*******************************

## യങ് ലീഡേഴ്സ് ബൂട്ട് ക്യാമ്പ്

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം, മേരാ യുവ ഭാരത് കണ്ണൂർ എന്നിവയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി സംഘടിപ്പിച്ച യങ് ലീഡേഴ്സ് ബൂട്ട് ക്യാമ്പ് സമാപിച്ചു. സാമൂഹ്യ വികസന പ്രക്രിയകളിൽ യുവജനങ്ങളെ പ്രാപ്തരാക്കുന്ന രീതിയിലുള്ള പരിശീലനമാണ് ക്യാമ്പിൽ ക്രമീകരിച്ചത്. അവസാന ദിവസം യൂത്ത് മോക്ക് പാർലമെൻറും സംഘടിപ്പിച്ചു.

*******************************

2025 - ഇന്ത്യ

2025, ലോക വേദിയിൽ ഇന്ത്യയുടെ ഉയർച്ചയിലെ ഒരു നിർണായക അധ്യായമായിരുന്നു. വിശാലമായ അന്താരാഷ്ട്ര ക്രമത്തിന്റെ ഭാവി രൂപപ്പെടുത്തുന്ന വ്യക്തിത്വമായി പ്രധാനമന്ത്രി നരേന്ദ്രമോദിയെ ലോകം ഉറ്റുനോക്കിയതിന് എട്ട് കാരണങ്ങളാണ് ഉള്ളത്. യു.എസ് താരിഫുകൾക്കെതിരെ സ്ഥിരതയുള്ള കവചം, 8.2 ശതമാനം വളർച്ച, ഓപ്പറേഷൻ സിന്ദൂർ തുടങ്ങിയവയിലൂടെ ലോകം ഇന്ത്യയെ വീക്ഷിച്ചു.

RNU TVPM

*

****************

*********************************************